प्रेस प्रकाशनी PRESS RELEASE

भारतीय रिज़र्व बैंक
RESERVE BANK OF INDIA
वेबसाइट : www.rbi.org.in/hindi
Website : www.rbi.org.in
इ-मेल email: helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, एस.बी.एस.मार्ग, मुंबई-400001
**DEPARTMENT OF COMMUNICATION**, Central Office, S.B.S.Marg, Mumbai-400001
फोन/Phone: 022 2261 0835 फैक्स/Fax: 91 22 22660358

ഒക്ടോബർ 17, 2018

**1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ സെക്ഷൻ 35-A ഒപ്പം സെക്ഷൻ 56 എന്നിവപ്രകാരം, മഹാരാഷ്ട്ര മുംബൈയിലെ സിറ്റി സഹകരണ ബാങ്ക് ലിമിറ്റഡിനെതിരെ പുറപ്പെടുവിച്ച നിയന്ത്രണ നിർദ്ദേശങ്ങൾ-കാലാവധി നീട്ടുന്നു**

2018 ഏപ്രിൽ 17-ലെ ആർ.ബി.ഐ. ഉത്തരവിൻപ്രകാരം, മുംബൈയിലെ സിറ്റി സഹകരണ ബാങ്ക് ലിമിറ്റഡിനെ 2018 ഏപ്രിൽ 17 ബിസിനസ്സുസമയം ആവസാനിച്ചതു മുതൽ ആറുമാസക്കാ ലത്തേക്ക് നിയന്ത്രണ നിർദ്ദേശങ്ങൾക്കുവിധേയമാക്കിയി രുന്നു.

1949-ലെ ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ (സഹകരണസംഘങ്ങൾക്കു ബാധക മാംവിധം) സെക്ഷൻ 35-A, സബ് സെക്ഷൻ (1) ഒപ്പം സെക്ഷൻ 56 എന്നിവപ്രകാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിക്ഷിപ്തമായ അധികാരം പ്രയോഗിച്ച്, (പൊതുജനങ്ങളുടെ അറിവിലേക്കായി) ഇതിനാൽ പ്രഖ്യാപിക്കുന്നതെന്തെന്നാൽ, 2018 ഒക്ടോബർ 15-നു പുറപ്പെടുവിച്ച ഉത്തരവു പ്രകാരം, 2018 ഏപ്രിൽ 17-ന് ഈ സഹകരണ ബാങ്കിനു നൽകിയ ഉത്തരവ്, ബാങ്കിന് 2018 ഒക്ടോബർ 18 മുതൽ 2019 ഏപ്രിൽ 17 വരെ തുടർന്ന് ആറുമാസക്കാലത്തേയ്ക്കുകൂടി ബാധകമായിരിക്കുമെ ന്നാണ്.

2018 ഒക്ടോബർ 15-ലെ ദീർഘിപ്പിക്കൽ ഉത്തരവിൻറെ ഒരു കോപ്പി, പൊതുജനങ്ങൾ വായിച്ചറിയുവാൻവേണ്ടി ബാങ്ക് മന്ദിരത്തിൽ പ്രദർശി പ്പിച്ചിട്ടുണ്ട്.

മുകളിൽപറഞ്ഞിരിക്കുന്ന ദീർഘിപ്പിക്കലോ, റിസർവ്ബാങ്ക് ഓഫ് ഇന്ത്യ യുടെ ഭേദഗതികളോ കാരണം സഹകരണബാങ്കിൻറെ സാമ്പത്തിക നിലയിൽ കാര്യമായ മെച്ചപ്പെടലുണ്ടായതായി റിസർവ് ബാങ്കിനു ബോദ്ധ്യപ്പെട്ടിരിക്കുന്നുവെന്ന് കരു തരുത്.

അജിത് പ്രസാദ്
അസിസ്റ്റൻറു അഡ്വൈസർ

പ്രസ്സ് റിലീസ് 2018-2019/910